പവർകട്ട് ഒഴിവാക്കാൻ നടപടി

6 [162] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷ കണക്കിലെടുത്ത് വരുന്ന മാസങ്ങളിൽ പൂർണ്ണമായും പവർകട്ട് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പവർകട്ടു മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരമായി എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ജലവൈദ്യുത പദ്ധതികളിൽ എത്തേണ്ട നീരൊഴുക്ക് അയൽ സംസ്ഥാനങ്ങൾ വഴി തിരിച്ചുകൊണ്ടുപോകുന്നതിനാൽ വൈദ്യുതോല്പാദനം ശരിയായ രീതിയിൽ നടത്തുവാൻ കഴിയാത്തതുകൊണ്ട് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ പവർകട്ട് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ പവർ കട്ട് ഇല്ല. അര മണിക്കൂർ ലോഡ് ഷെഡിംഗ് ആണ് ഉള്ളത്. പരീക്ഷാ സമയത്ത് മുൻവർഷങ്ങളിലെ പോലെ ലോഡ് ഷെഡിംഗ് ഒഴിവാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) മഴയുടെ കുറവു കാരണം ജലസംഭരണികളിൽ നീരൊഴുക്ക് കുറവാണ്. ഈ സാഹചര്യത്തിൽ ലോഡ്ഷെഡിംഗ് പൂർണ്ണമായി ഒഴിവാക്കാൻ നിർവ്വാഹമില്ല.

(സി) ജലവൈദ്യുത പദ്ധതികളിൽ എത്തേണ്ട നീരൊഴുക്ക് അയൽ സംസ്ഥാനങ്ങൾ വഴിതിരിച്ചുകൊണ്ടുപോയതായി കണ്ടെത്തിയിട്ടില്ല.

ഉള്ളിയേരി പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് നടപടി

7 [163] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഉള്ളിയേരി പഞ്ചായത്തിൽ ഉള്ളൂർക്കടവ്-തന്നൂർ റോഡിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് നിന്നും വൈദ്യുതി ബോർഡിൽ പണം അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പണമടച്ചത് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly